## പന്ത്രണ്ടാം കേരള നിയമസഭ
### ഒന്നാം സമ്മേളനം
### 2006 ജൂൺ 21-ാം തീയതി ബുധനാഴ്ച
### വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
### (ആകെ ചോദ്യങ്ങൾ-30)

54) സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന
55) വൈദ്യുതി മോഷണവും ശിക്ഷാനടപടികളും
56) സഹകരണമേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി
57) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ
58) പത്താം ക്ലാസിലെ പൊതു പരീക്ഷയ്ക്ക് ഒഴിവാക്കുന്ന പേപ്പറുകൾ
59) ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതി വിഹിതം ഇടനിലക്കാർ അപഹരിക്കുന്നത് തടയാൻ നടപടി
60) സ്ക്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി
61) സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ ഫീസ് ഘടന
62) ആദിവാസി മേഖലയിലെ സൗജന്യ റേഷൻ വിതരണം
63) വൈദ്യുതി മോഷണവും ശിക്ഷാനടപടികളും
64) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകളുടെ പ്രാബല്യം
65) കയർ വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി
66) സഹകരണസ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം
67) പ്രൊഫഷണൽ കോളേജ് പ്രവേശനപ്പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കാൻ നടപടി
68) വിദ്യാഭ്യാസാനുകൂല്യങ്ങൾ
69) ജനനസർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന
70) സർക്കാർ/ അർദ്ധസർക്കാർ സ്ക്കൂളുകളിലെ പഠന നിലവാരം ഉയർത്തുവാൻ നടപടി
71) സർക്കാർ ഭൂമി കയ്യേറ്റം
72) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടനയ്ക്ക് നിയമനിർമ്മാണം
73) വൈദ്യുതി മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാനുള്ള നടപടി
74) ഇലക്ട്രോണിക് മീറ്റർ കുറ്റമറ്റതാക്കാൻ നടപടി
75) കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ
76) എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച
77) എസ്.എസ്.എ.പദ്ധതി
78) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്
79) സ്വാശ്രയകോളേജുകളെ നിയന്ത്രിക്കുന്നതിന് സമഗ്ര നിയമനിർമ്മാണം
80) കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം
81) മോഡൽ റസിഡൻഷ്യൽ സ്കൂൾ
82) ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി
83) സ്ക്കൂൾ വിദ്യാർത്ഥികൾക്കു പാഠപുസ്തകവിതരണം

## സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന

54 താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ശ്രീ. എം.എ. വാഹിദ് **വിദ്യാഭ്യാസവും**
,, വി.ഡി. സതീശൻ **സാംസ്കാരികകാര്യവും**
,, കെ.സി. ജോസഫ് **വകുപ്പുമന്ത്രി**
,, അടൂർ പ്രകാശ് സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിലെ ഈ വർഷത്തെ ഫീസ് ഘടനയെന്തെന്നു വിശദീകരിക്കുമോ;

(ബി) ഈ വർഷം സ്വാശ്രയ കോളേജിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്നവർ, മാനേജ്മെന്റ് ക്വാട്ടയിൽ പ്രസ്തുത കോളേജുകളിൽ പ്രവേശനം ലഭിക്കുന്നവർ കൊടുക്കേണ്ടിവരുന്ന ഫീസ് കൊടുക്കേണ്ടതായി വരുമോ;

(സി) എങ്കിൽ സ്വാശ്രയ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവർ കൊടുക്കേണ്ടതായിവരുന്ന അധിക ഫീസിനു തുല്യമായ തുകയുടെ സാമ്പത്തിക സഹായം ഗവൺമെന്റ് അവർക്ക് നൽകുമോ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)**

(എ), (ബി) & (സി)

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുടെ ഫീസ്, അഡ്മിഷൻ ക്യാപിറ്റേഷൻ ഫീസ് നിരോധിക്കൽ എന്നിവ സംബന്ധിച്ച സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് നടപടി എടുത്തുവരുന്നു. പ്രസ്തുത നിയമത്തിന്റെ കരടു ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയമം നിയമസഭയുടെ പരിഗണനയ്ക്കായി 22.6.2006-ന് സമർപ്പിക്കുവാൻ തീരുമാനമായിട്ടുണ്ട്. നിയമസഭയുടെ അംഗീകാരത്തിന് വിധേയമായി നിയമത്തിലുളള വ്യവസ്ഥകൾക്ക് ബാധകമായി നടപടി എടുക്കുന്നതാണ്.

## വൈദ്യുതി മോഷണവും ശിക്ഷാനടപടികളും

55 ശ്രീ. കെ. ടി. ജലീൽ
,, മഞ്ഞളാംകുഴി അലി
,, എം. ഹംസ
,, പി. ജയരാജൻ
,, പി. കൃഷ്ണപ്രസാദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ വൈദ്യുതി മോഷണം നടന്നുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി മോഷണം നടത്തുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകൾ പ്രചാരത്തിലായതിനാൽ ആന്റി തെഫ്റ്റ് വിഭാഗം ശക്തിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരുലക്ഷം രൂപയിൽ കുടുതൽ തുകയ്ക്കുള്ള വൈദ്യുതി മോഷണം നടത്തിയ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) വൈദ്യുതി മോഷണം തടയുന്നതിന് ഒരു ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി 3 റീജിയണൽ യൂണിറ്റുകളും അവയുടെ നിയന്ത്രണത്തിൽ മൊത്തം 8 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുമുണ്ട്. എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഈ സ്ക്വാഡുകൾക്ക് വാഹനങ്ങളും പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ പരിശോധന തുടർച്ചയായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടത്തിവരുന്നുണ്ട്. സെക്ഷനുകളിൽ മീറ്റർ റീഡർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ അവരുടെ കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി നടത്തുന്ന പരിശോധനകളും അവയ്ക്ക് പുറമെ ഡിവിഷൻ തലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിച്ചാൽ അവയ്ക്ക് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ശക്തിപ്പെടുത്തും. വൈദ്യുതി മോഷണം തടയുന്നതിന്റെ ഭാഗമായി വൈദ്യുതി ബോർഡ് സജ്ജീകരിച്ചിട്ടുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥന്മാരുമടങ്ങിയ ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾക്ക് ആവശ്യമായ വാഹനങ്ങളും ലാപ്പ്ടോപ്പ് കംപ്യൂട്ടർ, മീറ്റർ റീഡിംഗ് ഇൻസ്ട്രുമെന്റ്, മീറ്ററുകളുടെ കൃത്യമായ പ്രവർത്തനം പരിശോധിക്കാനുള്ള അക്യുചെക്ക് തുടങ്ങിയ ഉപകരണങ്ങളും നൽകി അവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി വരികയാണ്.

(ഡി) മുപ്പത്തി ഒമ്പത് (39) കേസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുബന്ധം

| നമ്പർ | കൺസ്യൂമർ നമ്പർ | പേര് | ഇലക്ട്രിക്കൽ സെക്ഷൻ | തുക |
|---|---|---|---|---|
| 1 | 5082 | വനിതാ ജ്വല്ലറി, ബ്രോഡ് വേ എറണാകുളം | എറണാകുളം സെൻട്രൽ | 510823 |
| 2 | 16594 | ആപ്പിൾ ബിൽഡിംഗ് ഇടപ്പിള്ളി | പാലാരിവട്ടം | 874257 |
| 3 | 4611 | ഹോട്ടൽ പ്രിൻസ്, മട്ടാഞ്ചരി, ഫോർട്ട് കൊച്ചി ബസ് സ്റ്റോപ്പിനു സമീപം | തോപ്പുംപടി | 173167 |
| 4 | 8676 | പത്മശ്രീ, പനംപിള്ളി നഗർ, എറണാകുളം | ഗിരിനഗർ | 148000 |
| 5 | 12897 | കളത്തിൽ വീട്ടിൽ, ഹോട്ടൽ സാക്സിന് എതിർവശം എറണാകുളം | വടുതല | 192767 |
| 6 | 8187 | സഫൈർ ടൂറിസ്റ്റ് ഹോം, ബോട്ട് ജെട്ടിക്ക് സമീപം എറണാകുളം | എറണാകുളം കോളേജ് | 133296 |
| 7 | 8997 | മയൂരാ പാർക്ക്, കച്ചേരിപ്പടി, എറണാകുളം | എറണാകുളം സെൻട്രൽ | 1016527 |
| 8 | 2944 | ബെസ്റ്റ് ബേക്കറി, പനംപിള്ളി നഗർ, എറണാകുളം | പാലാരിവട്ടം | 208565 |
| 9 | 14118 | റഫീക്ക് ബേക്കേഴ്സ് ആന്റ് ഹോട്ടൽ, തോപ്പുംപടി, എറണാകുളം | തോപ്പുംപടി | 173982 |
| 10 | 3379 | മിക്സ് ടേസ്റ്റ് & ജ്യൂസ് , ഐസ്ക്രീം പാർലർ. | തേവര | 106901 |
| 11 | 5585 | വേമ്പനാട് ടൂറിസ്റ്റ് ഹോം | വൈക്കം | 122644 |
| 12 | 7105 | ഹോട്ടൽ സേവിയർ | എറണാകുളം കോളേജ് | 100683 |
| 13 | 5757 | സുലൈമാൻ വാച്ച് കമ്പനി | എറണാകുളം കോളേജ് | 197546 |
| 14 | 2520 | ചോയ്സ് ഐസ്ക്രീം പാർലർ. | എറണാകുളം കോളേജ് | 133834 |
| 15 | 20931 | റ്റാറ്റാ ഇൻഡികോം ഷോറൂം | തൃപ്പൂണിത്തുറ | 120348 |
| 16 | 7923 | ഗ്രീൻലാന്റ് ട്രാവൽസ് | തേവര | 117161 |
| 17 | 6134 | ഹോട്ടൽ ബ്രീസ് | എറണാകുളം സെൻട്രൽ | 183670 |

| | | | | |
|---|---|---|---|---|
| 18 | 6135 | ഹോട്ടൽ ബ്രീസ് | എറണാകുളം സെൻട്രൽ | 110444 |
| 19 | 17883 | ഹാറ്റ് റസിഡൻസി ഹോട്ടൽ | എറണാകുളം സെൻട്രൽ | 664965 |
| 20 | 747 | ഹോട്ടൽമിഡ്ലാന്റ് | എറണാകുളം കോളേജ് | 241457 |
| 21 | 11565 | കെ.കെ.കുഞ്ഞ്, കോലഞ്ചേരി വീട്, മട്ടൂർ, പി.ഒ.കാലടി | മൂവാറ്റുപുഴ (1) | 105875 |
| 22 | 6605 | കെ.കെ.കുഞ്ഞ്, കോലഞ്ചേരി വീട്, മട്ടൂർ, പി.ഒ.കാലടി | മൂവാറ്റുപുഴ (1) | 163425 |
| 23 | 5409 | സരിക ഓയിൽ മിൽ, ചാലക്കുടി | മേലൂർ | 259506 |
| 24 | 4863 | പ്രീമിയർ ബാർ | ആലുവ നോർത്ത് | 332094 |
| 25 | 13078 | കല്യാണി ബാർ | സുൽത്താൻ പേട്ട | 117226 |
| 26 | 6024 | മഹാരാജ സൂപ്പർ മാർക്കറ്റ് | തൃപ്പൂണിത്തുറ | 130701 |
| 27 | 7944 | കെ.റ്റി.കുഞ്ഞുമോൻ, ഫിലിം പ്രൊഡ്യൂസർ | പാലാരിവട്ടം | 167641 |
| 28 | 14328 | നോർത്ത് ഫേസ് ടൂറിസ്റ്റ് ഹോം, എസ്.ആർ റോഡ് | കലൂർ | 450000 |
| 29 | 336 | സരസ്വതി , ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് | കയ്പ്പമംഗലം | 136890 |
| 30 | 12362 | ബെസ്റ്റ് ബേക്കേഴ്സ | വടുതല | 170000 |
| 31 | 275 | ഷാലിമാർ ജുവല്ലറി | കടവന്ത്ര | 118913 |
| 32 | 4957 | ലക്സിയ ഫർണിഷിംഗ് | എറണാകുളം | 110000 |
| 33 | | ഫേമസ്സ് ബേക്കറി | കടവന്ത്ര | 135000 |
| 34 | | രാമലിംഗ അയ്യർ ബോർഡ് & പേപ്പർ മർച്ചന്റ് | കടവന്ത്ര | 105000 |
| 35 | | ശീതൾ കാർ പാലസ്സ് | എറണാകുളം | 275000 |
| 36 | | സൈബർ പാർക്ക് | കളമശ്ശേരി | 248000 |
| 37 | 6688 | ഇൻഡോ കാർഗോ സർവ്വീസ് | മട്ടാഞ്ചരി | 145000 |
| 38 | 1915 | ഹോട്ടൽ പാലസ്സ് | എറണാകുളം | 138000 |
| 39 | 9699 | സതേൺ അലൂമിനിയം മേജർ ഇൻസ്ട്രിയൽ എസ്റ്റേറ്റ് | കളമശ്ശേരി | 220000 |
| ആകെ | | | | 90,59,108 |

## സഹകരണ മേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

56 ശ്രീ.പി. ടി. എ. റഹിം
,, ബാബു എം. പാലിശ്ശേരി
,, ടി. പി. കുഞ്ഞുണ്ണി
,, സി. കെ. സദാശിവൻ
,, കെ. കെ. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായങ്ങൾക്കും മുൻഗണന കൊടുത്തുകൊണ്ട് വായ്പ നൽകുന്നതിന് സഹകരണ ബാങ്കുകൾ നടപടി സ്വീകരിക്കുമോ;

(ബി) വായ്പക്കുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാനും വായ്പ ഓഹരി അനുപാതം കുറക്കാനും നടപടി സ്വീകരിക്കുമോ;

(സി) സഹകരണമേഖലയിലെ അഴിമതിയും സ്വജനപക്ഷപാതവും അവസാനിപ്പിച്ച് സഹകരണമേഖലയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി)**

(എ) കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായ മേഖലയ്ക്കും മുൻഗണന നൽകിക്കൊണ്ടാണ് വായ്പാ വിതരണം നടത്തുന്നത്.

(ബി) വായ്പാ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ഓഹരി അനുപാതം കുറക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെടുന്നവയിൽ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

57 ശ്രീ. സി. എച്ച്. കുഞ്ഞാംബു
,, ബി. രാഘവൻ
,, കെ. വി. അബ്ദുൾ ഖാദർ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളെ സംബന്ധിച്ച് സർക്കാർ സർവേ നടത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയത് ; ഇതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(സി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ 10-ാം ക്ളാസ്സ് വരെ പൊതു വിദ്യാലയത്തിൽ ചേരാൻ അനുവദിക്കുന്ന ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അനധികൃത സ്കൂളുകളെ നിയമംമൂലം നിരോധിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)**

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ മാനേജർമാരിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാർ മുഖേന ശേഖരിച്ചിട്ടുണ്ട്.

(ബി) 499 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരമില്ലാതെ വർഷങ്ങളായി പ്രവർത്തിച്ചിരുന്നതും ആവശ്യമായ ഭൗതിക സാഹചര്യം ഉണ്ടായിരുന്നതുമായ സ്കൂളുകൾക്ക്, അടുത്തുള്ള ഗവണ്മെന്റ് /എയ്ഡഡ് സ്കൂളുകൾ, സ്കൂളുകൾ തമ്മിലുള്ള ദൂരം മുതലായവ കണക്കിലെടുത്ത്, കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം 5 റൂൾ 2-ൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചാണ് ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) & (ഡി) പരിശോധിക്കുന്നതാണ്.

## പത്താം ക്ലാസിലെ പൊതു പരീക്ഷയ്ക്ക് ഒഴിവാക്കുന്ന പേപ്പറുകൾ

58 ശ്രീ. എ.പി. അനിൽകുമാർ
,, ജി. കാർത്തികേയൻ
,, വർക്കല കഹാർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസിലെ പൊതുപരീക്ഷയ്ക്ക്, പേപ്പറുകളുടെ എണ്ണം കുറയ്ക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം പേപ്പറുകളാണ് ഒഴിവാക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഒഴിവാക്കപ്പെടുന്ന പേപ്പറുകളുടെ വിഷയ വിഭാഗങ്ങൾ ഏതെല്ലാമാണ്;

(സി) ഈ വിഷയ വിഭാഗങ്ങൾ അവയുടെ ഒന്നാം പേപ്പറുകളിൽ ചേർക്കുമ്പോൾ അപ്രകാരമുള്ള ഒന്നാം പേപ്പറുകളുടെ വിഷയവിഭാഗങ്ങൾക്ക് എത്ര മാർക്കു വീതം നൽകും എന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)**

(എ) പത്താം ക്ലാസിലെ പൊതുപരീക്ഷയ്ക്ക് ഇംഗ്ളീഷ് പേപ്പർ II, സാമൂഹ്യ ശാസ്ത്രം പേപ്പർ II, ഗണിത ശാസ്ത്രം പേപ്പർ II എന്നിവയാണ് ഒഴിവാക്കാൻ തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ഇതിനെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിട്ടുള്ളതിനാൽ വിശദമായ പരിശോധന ആവശ്യമാണെന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്.. ഇക്കാര്യത്തിൽ അവസാന തീരുമാനമെടുക്കുന്നത് ഇതെല്ലാം കണക്കിലെടുത്ത് ആഴത്തിലുള്ള പരിശോധനയ്ക്ക് ശേഷമായിരിക്കും.

(ബി) ഒഴിവാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇംഗ്ളീഷ് പേപ്പർ II, സാമൂഹ്യ ശാസ്ത്രം പേപ്പർ II, ഗണിത ശാസ്ത്രം പേപ്പർ II എന്നിവയാണ്. കരിക്കുലത്തിൽ മാറ്റം വരുത്തുകയോ ഏതെങ്കിലും വിഷയ വിഭാഗങ്ങൾ ഒഴിവാക്കുകയോ ചെയ്യാനുള്ള നിർദ്ദേശം ഇല്ല. മേൽ പറഞ്ഞ വിഷയങ്ങൾക്ക് രണ്ടു പേപ്പറുകൾക്ക് പകരം ഒറ്റ പേപ്പർ ആക്കൽ മാത്രമാണ് നിർദ്ദേശം.

(സി) പരീക്ഷാ പേപ്പറുകളുടെ എണ്ണം, മാർക്ക്, പരീക്ഷാ സമയം എന്നീ കാര്യങ്ങളിലെല്ലാം സർക്കാർ ഉടനെ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച പദ്ധതി വിഹിതം ഇടനിലക്കാർ അപഹരിക്കുന്നത് തടയാൻ നടപടി

59 ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. ചന്ദ്രൻ
,, കെ. വി. കുഞ്ഞിരാമൻ
,, എം. കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവിധ പദ്ധതികളിലായി അനുവദിക്കുന്ന തുകകൾ ഇടനിലക്കാർ തട്ടിയെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഓരോ പദ്ധതിയുടെ നടത്തിപ്പിലും ഗുണഭോക്താക്കളുടെ പ്രതിനിധികളേയും ജനപ്രതിനികളേയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുമോ?

**ഉത്തരം**

### ശ്രീ. എ.കെ.ബാലൻ
### (പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി)

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഊരുക്കൂട്ടങ്ങൾ അംഗീകരിച്ച് ശുപാർശ ചെയ്യുന്ന പദ്ധതികൾ ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്.

പട്ടികജാതി വികസന വകുപ്പിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട പദ്ധതികളിൽ തെരഞ്ഞെടുപ്പ് നടത്താൻ ഒരു കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ഗുണഭോക്താക്കളുടെ പ്രതിനിധികളേയും ജന പ്രതിനിധികളേയും ഉൾപ്പെടുത്തിയിട്ടില്ല. ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ പട്ടികജാതി വികസന ആഫീസർ കൺവീനറും ആയ ജില്ലാ പട്ടികജാതി ഉപദേശക സമിതികളാണ് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗുണഭോക്താക്കളുടെ പ്രതിനിധികളേയും ജന പ്രതിനിധികളേയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതിനും നിലവിലുള്ള കമ്മിറ്റികൾ വിപുലീകരിക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്ക്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി

60 ശ്രീ. ടി. പി. കുഞ്ഞുണ്ണി.
,, എം. ജെ. ജേക്കബ്
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. എ. പ്രദീപ് കുമാർ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ക്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മുൻ സർക്കാരിന്റെ നിയമന നിരോധനംമൂലം ഒഴിഞ്ഞുകിടന്ന തസ്തികകളിൽ നിയമനം നടത്താൻ അനുവാദം നൽകുമോ;

(സി) ഹ്രസ്വകാല ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഈ വർഷവും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)**

(എ)

സംസ്ഥാനത്തെ സ്ക്കൂളുകളിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഒന്നുമില്ല. സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേനയും, ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്താവുന്നതാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹ്രസ്വ കാല ഒഴിവുകൾ ദിവസവേതന അടിസ്ഥാനത്തിൽ നികത്തുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) 17.8.2005-ലെ സർക്കാർ ഉത്തരവ് 317/05/പൊ.വി. പ്രകാരം 2005-06 അദ്ധ്യയന വർഷം വരെയുള്ള നിയമാനുസൃതമായ അധിക തസ്തികകൾ നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2006-07 അദ്ധ്യയന വർഷം നിയമാനുസൃതമായി അനുവദിക്കാവുന്ന അധിക തസ്തികകൾ അംഗീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) 2006-07 അദ്ധ്യയന വർഷത്തേക്കുള്ള സർക്കാർ സ്കൂളുകളിലെ ഹ്രസ്വ കാല ഒഴിവുകളിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തുന്നതിന് 31/5/06 -ലെ സ.ഉ.(പി) 163/06/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷത്തിൽ താഴെ കാലദൈർഘ്യമുള്ള ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ നിലവിൽ വ്യവസ്ഥയുണ്ട്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ ഫീസ് ഘടന

61 ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി
,,അബ്ദുറഹിമാൻ രണ്ടത്താണി
,, യു. സി. രാമൻ
,, വി. കെ.ഇബ്രാഹിം കുഞ്ഞ്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് സർക്കാർ കോളേജുകളിലെ ഫീസ് ഘടന നടപ്പിലാക്കാൻ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുതിയ നിയമം കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)**

(എ) & (ബി) പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ, ഫീസ്, ക്യാപിറ്റേഷൻ ഫീസ് നിരോധിക്കൽ എന്നിവ സംബന്ധിച്ച ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി എടുത്തുവരുന്നു. പുതിയ നിയമത്തിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി 22.6.2006 ന് സമർപ്പിക്കുന്നതാണ്.

## ആദിവാസി മേഖലയിലെ സൗജന്യ റേഷൻ വിതരണം

62 ശ്രീ. കെ. സി. ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മേയ്-ജൂൺ മാസങ്ങളിലുണ്ടായ രൂക്ഷമായ മഴയും വെള്ളപ്പൊക്കവും എത്ര ആദിവാസി കുടുംബങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(ബി) ആദിവാസികൾക്ക് സൗജന്യ റേഷൻ നൽകുവാൻ തീരുമാനമെടുത്തതെന്നാണ്; എന്നുമുതലാണ് അവർക്കു സൗജന്യ റേഷൻ നൽകി തുടങ്ങിയത്;

(സി) എത്ര ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി; സൗജന്യ റേഷൻ നൽകാനുള്ള കാലതാമസത്തിനു കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. എ.കെ.ബാലൻ**
**(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) 2006 മേയ്-ജൂൺ മാസങ്ങളിലുണ്ടായ രൂക്ഷമായ മഴയും വെള്ളപ്പൊക്കവും സംസ്ഥാനത്തെ 3951 ആദിവാസി കുടുംബങ്ങളെ ബാധിച്ചിട്ടുണ്ട്.

(ബി) 2006 ജൂൺ മാസം 5-ാം തീയതിയാണ് സൗജന്യ റേഷൻ നൽകുവാൻ ഉത്തരവായിട്ടുള്ളത്. 8.6.2006 മുതൽ സൗജന്യ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന്ത്ത് ഒട്ടാകെ 51532 കുടുംബങ്ങൾക്ക് ഇതുവരെ സൗജന്യ റേഷൻ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ റേഷനരി ഗോഡൗണിൽ നിന്നും ലിഫ്റ്റ് ചെയ്യുന്നതിന് തടസ്സം നേരിട്ടതിനാൽ സൗജന്യ റേഷൻ വിതരണം തുടങ്ങുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

# വൈദ്യുതി മോഷണവും ശിക്ഷാനടപടികളും

63 ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. എന്‍. അനിരുദ്ധന്‍
ശ്രീ. എ. കെ. ചന്ദ്രന്‍
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികസമുദായക്ഷേമവും ഊര്‍ജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; ഉണ്ടെങ്കില്‍ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് പ്രതിവര്‍ഷം ശരാശരി എത്ര രൂപയുടെ വൈദ്യുതി മോഷണം നടക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ മൂന്ന് വര്‍ഷത്തിനുള്ളില്‍ എത്ര വൈദ്യുതി മോഷണ കേസുകള്‍ കണ്ടുപിടിച്ചിട്ടുണ്ട്; ഇവര്‍ക്കെതിരെ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.കെ.ബാലന്‍**
**(പട്ടിക സമുദായക്ഷേമവും ഊര്‍ജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. വൈദ്യുതി മോഷണം തടയുന്നതിന് ഒരു ഇന്‍സ്പെക്ടര്‍ ജനറലിന്റെ മേല്‍നോട്ടത്തില്‍ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി 3 റീജിയണല്‍ യൂണിറ്റുകളും അവയുടെ നിയന്ത്രണത്തില്‍ മൊത്തം 8 ആന്റി പവര്‍ തെഫ്റ്റ് സ്ക്വാഡുകളുമുണ്ട്. എഞ്ചിനീയര്‍മാരും പോലീസ് ഉദ്യോഗസ്ഥന്മാരുമടങ്ങിയ ഈ സ്ക്വാഡുകള്‍ക്ക് വാഹനങ്ങളും പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങളും നല്‍കിയിട്ടുണ്ട്. ഈ സ്ക്വാഡുകളുടെ പരിശോധന തുടര്‍ച്ച്യായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടത്തിവരുന്നുണ്ട്. സെക്ഷനുകളിലെ മീറ്റര്‍ റീഡര്‍, സബ് എഞ്ചിനീയര്‍, അസിസ്റ്റന്റ് എഞ്ചിനീയര്‍ എന്നിവര്‍ അവരുടെ കൃത്യ നിര്‍വ്വഹണത്തിന്റെ ഭാഗമായി നടത്തുന്ന പരിശോധനകളും അവയ്ക്ക് പുറമെ ഡിവിഷന്‍ തലത്തില്‍ സ്ക്വാഡുകള്‍ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിച്ചാല്‍ അവയ്ക്ക് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) 2003-04, 2004-05, 2005-06 എന്നീ വര്‍ഷങ്ങളിലെ കണക്കുകള്‍ അനുസരിച്ച് പ്രതിവര്‍ഷം ശരാശരി 24.81 കോടി രൂപ പിഴ ചുമത്തിയിട്ടുള്ള മോഷണക്കേസുകള്‍ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) 1621 മോഷണക്കേസുകള്‍ കണ്ടുപിടിച്ചിട്ടുണ്ട്.കളവായി ഉപയോഗിച്ച വൈദ്യുതിക്ക് ഉപഭോക്താവിന് അനുവദിച്ച നിരക്കിന്റെ ഒന്നരമടങ്ങ് വില കണക്കാക്കി പിഴ ഈടാക്കി വരുന്നുണ്ട്.

## **നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകളുടെ പ്രാബല്യം**

64 ശ്രീ. ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് മുൻ യു.ഡി.എഫ്. സർക്കാർ എന്തെല്ലാം ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്; പ്രസ്തുത ഉത്തരവുകൾ റദ്ദാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ;

(ബി) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് യു. ഡി. എഫ്. സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പി. എസ്. സി. വഴി പുതിയ നിയമനങ്ങൾ നടത്തുന്നതിന് തടസ്സമായി വന്നിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ?

**ഉത്തരം:- ശ്രീ. എ.കെ. ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)**

(എ) 2..2..2006 ലെ ജി.ഒ(പി) നമ്പർ 8/06/പജപവവിവ ഉത്തരവും 6..2..2006 ലെ ജി.ഒ(പി) നമ്പർ 12/06/പജപവവിവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി പി.എസ്.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

## കയർ വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി

65 ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം വൻ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൊഴിൽ ഇല്ലാത്തതുമൂലം പകുതിയിലേറെ കയർ സഹകരണസംഘങ്ങൾ പ്രവർത്തന രഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയർ ഉൽപ്പന്നങ്ങൾ ആകർഷകമാക്കാനും വിപണനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമായി എന്തെല്ലാം നടപടികൾ പുതുതായി സ്വികരിക്കാനുദ്ദേശിക്കുന്നവെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ രാജ്യങ്ങളിലേയ്ക്ക് കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയുടെ തളർച്ച, മറ്റ് പ്രകൃതിദത്ത നാരുകളിൽനിന്നും, പ്ലാസ്റ്റിക് നാരുകളിൽ നിന്നുമുള്ളമത്സരം, യന്ത്രവൽക്കരണത്തിന്റെ പോരായ്മ ഗവേഷണ വികസനത്തിന്റെ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, ഉയർന്ന ഉൽപാദന ചെലവ്, ഗുണമേന്മക്കുറവ്, വിപണി കണ്ട്പിടിക്കുന്നതിനുള്ള വൈദഗ്ദ്ധ്യമില്ലായ്മ, പ്രവർത്തന മൂലധനത്തിന്റെ പോരായ്മ, ചകിരിയുടെ ക്ഷാമവും ഗുണമേന്മക്കുറവും മുതലായവയാണ് കയർ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കയർ ഉൽപന്നങ്ങൾ ആകർഷകമാക്കാനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമായി താഴെച്ചേർക്കുന്ന നടപടികൾ പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

1) റിബേറ്റ് സമ്പ്രദായം, മിനിമം എക്സ്പോർട്ട് പ്രൈസ്(എം.ഇ.പി) പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്ക്കീം(പി.പി.ഇ.എസ്) എന്നിവ പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകും.
2) ആകർഷകമായ കയറുൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി ഫാക്ടറികൾ സഹകരണ മേഖലയിൽ സ്ഥാപിക്കും.
3) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കയർ തൊഴിലാളി സ്ത്രീകളെ (20 പേരുടെ 5 സ്വയം സഹായ സംഘങ്ങൾ) ഉൾപ്പെടുത്തി Vegetable Dyes ഉൽപാദനം (Home Stead Farming of Plants for marketing Vegetable Dyes ഉൾപ്പെടെ), കയറുൽപ്പാദനം, കയർ ഹാന്റിക്രാഫ്റ്റ് ഉൽപ്പന്ന നിർമ്മാണം എന്നിവ കൊല്ലം ജില്ലയിലെ പെരുമണ്ണിൽ ആരംഭിക്കാനുള്ള ഒരു പ്രോജക്റ്റ് International Fund for Agriculture Development (IFAD) യുടെ സഹായത്തോടെ നടപ്പിലാക്കും.
4) കയറിനും കയറുൽപന്നങ്ങൾക്കും Brand image നൽകുന്നതിന്റെ ഭാഗമായി National Institute of Design മായി ചേർന്നുകൊണ്ട് കയറുൽപന്നങ്ങൾക്ക് പുതിയ ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കൂടുതൽ രാജ്യങ്ങളിലേക്ക് കയറുൽപന്നങ്ങൾ കയറ്റി അയയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. DOMOTEX പോലെയുള്ള അന്തർദേശീയ വ്യാപാര മേഖലകളിൽ സംസ്ഥാനത്തെ കയറും കയറുൽപന്നങ്ങളും പ്രദർശിപ്പിക്കുന്നതിനും തന്മൂലം വിദേശവിപണി കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

അനുബന്ധം

- തൊണ്ട് ശാസ്ത്രീയമായി സംഭരിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും.
- കയർവ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി.യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതാണ്.
- കയർസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. കൂടാതെ സംഘങ്ങൾക്ക്, ഗവൺമെന്റ് Share Participation, വർക്കിംഗ് കാപ്പിറ്റൽ ലോൺ എന്നിവ നൽകാനുള്ള നടപടി സ്വീകരിക്കും.
- ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സഹകരണമേഖലയിലും സ്വകാര്യമേഖലയിലും ഡീ ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കും
- ഇടത്തട്ടുകാരുടേയും ഡിപ്പോകളുടേയും ചൂഷണത്തിൽനിന്നും കയർമേഖലയെ രക്ഷപ്പെടുത്തുന്നതിനായി ചെറുകിട ഉൽപാദകരേയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലസ്റ്റർ പദ്ധതിപ്രകാരം Raw Material & Marketing Consortium രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- കയർ മേഖലയിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടപ്പനക്കുന്നിൽ നിർമ്മാണത്തിലിരിക്കുന്ന ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.
- ആധുനിക രീതിയിൽ ഉൽപാദന ശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണമേഖലയിൽ സ്ഥാപിക്കുന്നത് പരിശോധിക്കുന്നതാണ്.
- കയറിനും കയറുൽപന്നങ്ങൾക്കും ശരിയായ വില ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തും.
- കേന്ദ്ര സർക്കാർ പദ്ധതിയായ മഹിളാ കയർ യോജനയുടെ പ്രയോജനം 5 വർഷംകൊണ്ട് ഒരു ലക്ഷം പേർക്ക് ലഭ്യമാക്കുവാൻ ശ്രമിക്കും.
- കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവ ലാഭകരമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കും.
- കെട്ടിക്കിടക്കുന്ന കയറും കയറുൽപന്നങ്ങളും സംഭരിക്കുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും.
- കയർ ഭൂവസ്ത്ര വികസന പദ്ധതിക്ക് പ്രത്യേക ഊന്നൽനൽകും. Geo-Textiles Development Programme ആയി ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും PWD മാന്വലിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.
- ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 10-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും ഈ വർഷം നടപ്പിലാക്കും.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

## സഹകരണസ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

66 ശ്രീ. റോഷി അഗസ്റ്റിൻ
„ജോസഫ് എം. പുതുശ്ശേരി
„ കെ. എം. മാണി
„ തോമസ് ചാഴികാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങൾ വഴി നൽകിയ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാർഷിക കടങ്ങൾ എഴുതിതള്ളുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ, എത്ര തുക വരെയുള്ള കാർഷിക കടങ്ങൾക്കാണ് ഈ ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക കടങ്ങളുടെ പേരിലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

**ഉത്തരം:– ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) ഈ സർക്കാർ വന്നതിനുശേഷം കേരളത്തിന്റെ ആകെയുള്ള കാർഷികവായ്പാ തിരിച്ചടവിന് ഒരു വർഷത്തേയ്ക്ക് കൂടി മോറട്ടോറിയം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പാ ബാധ്യത എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2006 ഡിസംബർ 31 വരെ ജപ്തി നടപടികൾ നിർത്തിവയ്ക്കുവാൻ ഉദ്ദേശിക്കുന്നു.

## പ്രൊഫഷണൽ കോളേജ് പ്രവേശനപ്പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കാൻ നടപടി

67 ശ്രീ എം. ജെ. ജേക്കബ്
ശ്രീ.കെ. സി. രാജഗോപാലൻ
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ സമ്പ്രദായം പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇപ്പോഴുള്ള പരീക്ഷ സമ്പ്രദായത്തിലെ അപാകതകൾ എന്തെന്നു വ്യക്തമാക്കുമോ;

(ബി) പ്രവേശന പരീക്ഷ എഴുതാനുള്ള മിനിമംമാർക്ക്യോഗ്യത പുന:സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മാനേജുമെന്റ് ക്വാട്ടയിലേക്ക് സ്വകാര്യ മാനേജ്മെന്റ് പ്രവേശനപരീക്ഷ നടത്തുന്നത് അഴിമതിയ്ക്ക് കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഉണ്ട് നിലവിലുള്ള പരീക്ഷാസമ്പ്രദായം കേരളാ സിലബസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളേയും ഗ്രാമീണ മേഖലയിൽ നിന്നും വരുന്ന വിദ്യാർത്ഥികളേയും ദോഷകരമായി ബാധിക്കുന്നു എന്ന പരാതി ഉയർന്നിട്ടുണ്ട്. കൂടാതെ യോഗ്യതാ പരീക്ഷയുടെ മാർക്ക് തീരെ പരിഗണിക്കാതെയുള്ള റാങ്ക് നിർണ്ണയമാണ് ഈ സമ്പ്ര ദായത്തിൽ ഉള്ളതെന്നും അഭിപ്രായമുണ്ട്.

(ബി) ഉണ്ട്. അടുത്തവർഷം മുതൽ ഇത് പുനസ്ഥാപിക്കുന്നതാണ്.

(സി) പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ചുള്ള കാര്യങ്ങൾ കുറ്റമറ്റതും സുതാര്യമാക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു പുതിയ നിയമം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസാനുകൂല്യങ്ങൾ

68 ശ്രീ. ആർ. സെൽവരാജ്
,, വി.ശിവൻകുട്ടി
,, കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിഗണന നൽകി ഉപരി പഠനത്തിന് സഹായിക്കുന്ന എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(സി) സ്റ്റൈപന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി കൈകൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എ.കെ. ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)**

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

(ബി) സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി ഉപരിപഠനത്തിന് സഹായിക്കുന്നതിനായി 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിയ്ക്കുന്ന വിദ്യാർത്ഥികളെ മത്സരപരീക്ഷയിലൂടെ കണ്ടെത്തി അവരുടെ തുടർ വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വകുപ്പ് നൽകുന്നു. എസ്.എസ്.എൽ.സി. മുതൽ പി.ജി. കോഴ്സ് വരെയുള്ള പൊതുപരീക്ഷകളിൽ ഫസ്റ്റ് ക്ലാസിന് മുകളിൽ മാർക്ക് വാങ്ങി വിജയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹന സമ്മാനം നൽകുന്നുണ്ട്. പട്ടിക വർഗ്ഗവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി ഉപരിപഠനത്തിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്സ്, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹന ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്.

(ഡി) ഹോസ്ററൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു.

## ജനനസർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന

69

ശ്രീ. കെ. സുധാകരൻ
,, എം. മുരളി
,, ജോർജ് മേഴ്സിയർ
,, ജി. കാർത്തികേയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ക്കൂളുകളിൽ ഒന്നാം ക്ലാസിൽ കുട്ടികളെ ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമാണോ;

(ബി) എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ കുട്ടികളെ ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് ഒഴിച്ചുകൂടാൻ പാടില്ലാത്ത രേഖയാണോ;

(സി) എല്ലാ സ്കൂളുകളിലും ഇതു സംബന്ധിച്ച നിയമം ഒരുപോലെയാക്കുമോ;

(ഡി) ക്ലാസിൽ ചേർക്കുമ്പോൾ തന്നെ ജനന സർട്ടിഫിക്കറ്റു വേണമെന്ന് ഗവൺമെന്റ് സ്കൂൾ അധികൃതർ നിർബന്ധിക്കുന്നതുകൊണ്ട് പല കുട്ടികൾക്കും ഗവൺമെന്റ് സ്ക്കൂളിൽ ചേരാൻ കഴിയാതെ വന്നിട്ടുണ്ടോ?

**ഉത്തരം:- ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഒന്നാം ക്ലാസിൽ കുട്ടകളെ ചേർക്കുന്നതിന് ജനനസർട്ടിഫിക്കറ്റ് നിർബന്ധമാണ്.

(ബി) സർക്കാരിന്റെ അംഗീകാരമുള്ള എല്ലാ സ്കൂളുകളിലും ഒന്നാം ക്ലാസിൽ കുട്ടികളെ ചേർക്കുന്നതിന് ജനനസർട്ടിഫിക്കറ്റ് നിർബന്ധമാണ്.

(സി) സർക്കാരിന്റെ അംഗീകാരമുള്ള എല്ലാ സ്കൂളുകളിലും ഇത് സംബന്ധിച്ച നിയമം ഒരുപോലെയാണ്.

(ഡി) ഇല്ല. ജനനസർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് സർക്കാർ മൂന്ന് മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് 31..8..2006 നകം ജനനസർട്ടിഫിക്കറ്റ് സ്കൂളധികൃതർക്ക് സമർപ്പിച്ചാൽ മതിയാകും.

## സർക്കാർ/ അർദ്ധസർക്കാർ സ്ക്കൂളുകളിലെ പഠന നിലവാരം ഉയർത്തുവാൻ നടപടി

70 ശ്രീ. തോമസ് ചാഴികാടൻ
,, കെ.എം.മാണി
,, റോഷി അഗസ്റ്റിൻ
,, ജോസഫ് എം. പുതുശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ സ്ക്കൂളുകളിലെ പഠന നിലവാരം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തുവാൻ പഠനം നടത്തിയിട്ടുണ്ടോ;

(ബി) സർക്കാർ/ അർദ്ധസർക്കാർ സ്ക്കൂളുകളിലെ പഠന നിലവാരം ഉയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്തൊക്കെയെന്ന് വിശദമാക്കാമോ;

**ഉത്തരം:- ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) പ്രാഥമിക തലത്തിൽ പഠനനിലവാരം കുറഞ്ഞുവരുന്നതായി കേരളാ സ്റ്റേറ്റ് റിസോഴ്സസ് സെന്റർ, കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം എന്നിവർ നടത്തിയ പഠനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സർവ്വശിക്ഷാ അഭിയാൻ എന്ന കേന്ദ്ര പദ്ധതിയുടെ ആഭിമുഖ്യത്തിൽ 2006 ജൂലായ് മാസം മുതൽ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻ ക്ലാസ്റൂംസ്, കേരള, 2006 (Quick) എന്ന തീവ്രയത്ന ഗുണമേന്മ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പഠനനിലവാരം ഉയർത്തുന്നതിനായി ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും പരിഷ്ക്കരിച്ചുകഴിഞ്ഞു. 11, 12 ക്ലാസ്സുകളിലെ ഭാഷാ പാഠപുസ്കങ്ങളും പരിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ, 1997-98-ൽ നടപ്പാക്കിയ പരിഷ്ക്കരിച്ച പാഠ്യപദ്ധതി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (National Curriculum Frame Work-2005) അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കാൻ NCERT യിൽനിന്ന് നമുക്ക് ഫണ്ട് ലഭിച്ചിട്ടുമുണ്ട്. പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം മുഴുവൻ അദ്ധ്യാപകർക്കും ഘട്ടം ഘട്ടമായി പരിശീലനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ കഴിഞ്ഞ മൂന്നു വർഷങ്ങളായി പാഠ്യപദ്ധതി വിനിമയത്തിലും മൂല്യനിർണ്ണയത്തിലും എല്ലാ അദ്ധ്യാപകർക്കും അഞ്ചു ദിവസം വീതമുള്ള പരിശീലനവും നൽകിയിട്ടുണ്ട്. ഒപ്പം എല്ലാ ഹൈസ്ക്കൂൾ അദ്ധ്യാപകർക്കും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുവാനും കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനും 10 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത വിജയശതമാനം നേടാത്ത സ്കൂളുകളെ തെരെഞ്ഞെടുത്ത് പ്രത്യേക അക്കാദമികൾ പിന്തുണ നൽകിയിട്ടുണ്ട്. ഇത് ഈ വർഷവും തുടരുന്നതാണ്. പുതുതായി ഉദ്യോഗക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകർക്ക് അക്കാദമീയവും ഭരണപരവുമായ കാര്യങ്ങളിൽ മൂന്ന് ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

പഠനബോധവൽക്കരണ പ്രവർത്തനങ്ങളിൽ അദ്ധ്യാപകർക്ക് തൽസ്ഥല സംശയ ദൂരീകരണം സാദ്ധ്യമാക്കുന്നതിന് പ്രഗത്ഭരായ അദ്ധ്യാപകരെ ചേർത്ത് വിദ്യാഭ്യാസ ജില്ലാ കമ്മിറ്റി രൂപീകരിച്ച് കഴിഞ്ഞു. പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങളെകൂടാതെ വർക്ക് ബുക്കുകൾ, പടവുകൾ, പ്രാക്ടീസ് ബുക്കുകൾ (ഇംഗ്ലീഷ്) സ്റ്റുഡന്റ് അസ്സസ്മെന്റ് മാന്വൽ (SAM) സ്കീം ഓഫ് വർക്ക് അദ്ധ്യാപക സഹായികൾ എന്നിവയും സ്കൂളിലെത്തിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾതല വിദ്യാഭ്യാസ ആസൂത്രണം വഴി അദ്ധ്യാപകർക്കും, പി.ടി.എ.യ്ക്കും അതത് സ്കൂളിന്റെ ഗുണമേൻമാവർദ്ധനവിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള പരിപാടികളിൽ പങ്കാളിത്തം ഉണ്ടാക്കാനുള്ള പരിപാടികളും ആസൂത്രണം ചെയ്തുവരുന്നു.

# <u>സർക്കാർ ഭൂമി കയ്യേറ്റം</u>

71 ശ്രീ.വി.ചെന്താമരാക്ഷൻ
,, എ.എം.യൂസഫ്
,, വി.എൻ.വാസവൻ
,, വി.ജെ.തങ്കപ്പൻ
,, സി.കെ.പി.പത്മനാഭൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിഹിത മാർഗ്ഗങ്ങളിലൂടെ സർക്കാർ ഭൂമി കയ്യേറി കൈവശം വച്ചിട്ടുള്ള വ്യക്തികളിൽ നിന്നും അവ തിരിച്ചു പിടിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ട് ;

(സി) ഈ കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ ;

(ഡി) ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് വ്യാജരേഖകൾ ചമക്കുന്നതിന് കൂട്ടുനിൽക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. കെ.പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) എല്ലാ അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെയും 1957 ലെ കേരള ഭൂ സംരക്ഷണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി റവന്യൂവകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമയബന്ധിതമായി ഭൂമി തിരച്ചെടുക്കാനും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് 6559 കേസുകൾ നിലവിലുണ്ട്.

(സി) കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഓരോ മൂന്നു മാസം കൂടുന്തോറും ഇക്കാര്യത്തിലുള്ള പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് എല്ലാ ജില്ലാ കളക്ടർമാർക്കും, ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർക്കും നിർദ്ദേശം നൽകി വരുന്നു. കോടതികളിൽ പ്രത്യേകിച്ച് ഹൈക്കോടതിയിൽ കേസ് നോക്കി നടത്തുവാൻ, ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ലയ്സൺ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കേസുകൾ നീണ്ടുപോകുന്നതും, പലപ്പോഴും സർക്കാർ ഭാഗത്ത് നിന്ന് വീഴ്ചകൾ സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനും, ഫലപ്രദമായി കേസുകൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കാറുണ്ട്. കുറച്ചുകൂടി കർശനമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടനയ്ക്ക് നിയമനിർമ്മാണം

72 ശ്രീ. തോമസ് ചാണ്ടി
,, കെ.കെ. ഷാജു
,, കെ.ബി. ഗണേഷ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) സ്വാശ്രയ മേഖലയിലെ ഫീസ് ഘടന സംബന്ധിച്ച് എന്തെങ്കിലും പുതിയ തീരുമാനം എടുക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) എന്തൊക്കെ നിയമനിർമ്മാണങ്ങളാണ് സ്വാശ്രയ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കൊണ്ടുവരുന്നത് എന്നു വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. എം.എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) (ബി) & (സി) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാപിറ്റേഷൻ ഫീ റഗുലേഷൻ ഓഫ് അഡ്മിഷൻ ഫീസ് എന്നിവ നിയന്ത്രിക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ ഒരു നിയമ നിർമ്മാണം നടത്തുന്നതിന് നടപടി എടുത്തുവരുന്നു. ഇതിനുള്ള ബിൽ 22..6..2006ന് നിയമസഭയുടെ പരിഗണയ്ക്കായി സമർപ്പിക്കുന്നതാണ്.

## വൈദ്യുതി മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാനുള്ള നടപടി

73 പ്രൊഫ. എൻ.ജയരാജ്
ശ്രീ.സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തമായ സാഹചര്യത്തിൽ വൈദ്യുതിമൂലമുണ്ടാകുന്ന അപകടങ്ങൾക്കു സാദ്ധ്യത കൂടുതലുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെയുള്ള അപകടങ്ങൾ തടയാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അപകട മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി എന്തു തുകയാണ് നൽകുന്നത്;

(ഇ) ഈയിനത്തിൽ ഈ സർക്കാർ ചെലവഴിച്ച തുക എത്രയെന്നറിയിക്കാമോ ?

**ഉത്തരം:– ശ്രീ. എ.കെ. ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) അപകടങ്ങൾ തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) അറ്റകുറ്റപണികൾ അടിയന്തിരമായി ചെയ്തുവരികയാണ്.

(ഡി) വൈദ്യുതി ബോർഡ് ജീവനക്കാരുടേയും കരാർ തൊഴിലാളികളുടേയും നിയമാനുസൃത ആശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം (വർക്ക് മെൻസ് കോമ്പൻസേഷൻ ആക്ട്) അനുസരിച്ച് അർഹമായ നഷ്ടപരിഹാരം നൽകിവരുന്നു. ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് ഇതിനുപുറമെ അർഹമായ ഗ്രാറ്റുവിറ്റി, ഫാമിലി പെൻഷൻ, വെൽഫയർ ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

വൈദ്യുതി ബോർഡിന്റെ ലൈൻപൊട്ടി വീണ് വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ നിയമാനുസൃത ആശ്രിതർക്ക് വൈദ്യുത സുരക്ഷാ ഇൻഷറൻസ് പദ്ധതി പ്രകാരം പരമാവധി 50,000/- രൂപ ആശ്വാസ ധനമായി നൽകിവരുന്നു.

(ഇ) 19..05..2006 മുതൽ ഇന്നേവരെ ആകെ 50,000/- രൂപ (ഒരാൾക്ക്) നൽകിയിട്ടുണ്ട്. മരിച്ച മറ്റു 10 പേരുടെ വിശദവിവരം ശേഖരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം

1. വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചെയർമാനായും ബോർഡ് ചീഫ് എഞ്ചിനീയർമാർ (ഡിസ്ട്രിബ്യൂഷൻ, നോർത്ത്, സൗത്ത്, സെൻട്രൽ) അംഗങ്ങളായുള്ള സംസ്ഥാനതല കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും വൈദ്യുതിബോർഡ് ഉദ്യോഗസ്ഥർക്ക് ലൈൻ പെട്രോളിംഗ് നടത്തുന്നതിനും കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
3. സംസ്ഥാന വൈദ്യുതിബോർഡ് ഇലക്ട്രിക് ലൈനുകളുടേയും, ട്രാൻസ്ഫോർമറുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണികൾ തുടർച്ചയായും മഴക്കാലത്തിനു മുമ്പ് പ്രത്യേകിച്ചും നടത്തിയിട്ടുണ്ട്.
4. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ബോർഡിന്റെ അതതു വൈദ്യുത സെക്ഷനുകളിലെ ഫീൽഡ് സ്റ്റാഫുമായി ചേർന്ന് സംയുക്തമായി ലൈൻ പെട്രോളിംഗ് നടത്തി ലൈനിന്റെ അടുത്തുള്ള വൃക്ഷശിഖരങ്ങൾ നീക്കം ചെയ്യുന്നതുകൂടാതെ, കണ്ടെത്തുന്ന മറ്റ് അപകട കാരണങ്ങളും പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
5. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും വൈദ്യുതി ബോർഡും വൈദ്യുതി സുരക്ഷ സംബന്ധിച്ച പൊതുജന ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.
6. ബോർഡ് ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
7. വൈദ്യുതിബോർഡ് അപകടകാരണങ്ങൾ കണ്ടെത്താനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും നിയമിച്ച ഏകാംഗ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു.

## ഇലക്ട്രോണിക് മീറ്റർ കുറ്റമറ്റതാക്കാൻ നടപടി

74 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഗാർഹിക ഉപഭോക്താക്കളുടെ വീടുകളിൽ വച്ചിട്ടുള്ള ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപയോഗത്തേക്കാൾ കൂടുതൽ വേഗത്തിലാണ് പ്രവർത്തിക്കുന്നതെന്ന വ്യാപകമായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം:- ശ്രീ. എ. കെ. ബാലൻ**
**(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) മീറ്ററിന്റെ കൃത്യതയെക്കുറിച്ച് ലഭിക്കുന്ന പരാതികൾ ബോർഡ് ഉടൻതന്നെ പരിശോധിക്കുകയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധിച്ച് സർട്ടിഫൈ ചെയ്ത ചെക്ക് മീറ്റർ ഉപയോഗിച്ച് താരതമ്യം ചെയ്ത് പരാതിക്കാരന്റെ മീറ്ററിൽ എന്തെങ്കിലും തകരാറുകൾ ഉണ്ടെന്നു കണ്ടാൽ ഉടൻ തന്നെ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. പരാതിക്കാരൻ തൃപ്തനല്ലെങ്കിൽ മീറ്റർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന പരിശോധിക്കാനുള്ള സംവിധാനമുണ്ട്. ഇതിനു പുറമേ ഉപഭോക്താവിന് ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് സ്വന്തം ചിലവിൽ മീറ്റർ വാങ്ങി കൃത്യതാ പരിശോധന നടത്തിച്ച് സ്ഥാപിക്കുന്നതിനുള്ള സംവിധാനവുമുണ്ട്.

## കാലവർഷംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

75 ശ്രീ. എൻ. രാജൻ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ.എ.കെ. ചന്ദ്രൻ
ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷം മൂലം ഇതുവരെയുണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) കൃഷിനാശം എത്രമാത്രമുണ്ടായിയെന്നു കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

**ഉത്തരം:- ശ്രീ. കെ. പി. രാജേന്ദ്രൻ**
**(റവന്യൂ വകുപ്പു മന്ത്രി)**

(എ) & (ബി) ഉണ്ട്. ഇക്കഴിഞ്ഞ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് 16/6/2006 വരെയുണ്ടായ നാശനഷ്ടങ്ങളുടെ വിവരം താഴെച്ചേർക്കുന്നു.

1. ദുരിതബാധിതർ -11,71,860
2. മരണമടഞ്ഞവർ - 60
3. കന്നുകാലികളുടെ നഷ്ടം - 1968
4. കൃഷിനാശം ബാധിച്ച പ്രദേശം - 23,488.67 ഹെക്ടർ.
5. കാർഷികമേഖലയ്ക്കുണ്ടായ നഷ്ടം - 37,03,23,940 രൂപ
6. വീടുകളുടെ നാശം
   (എ) പൂർണ്ണമായി - 608
   (ബി) ഭാഗികമായി - 14,515
7. വീടുകൾക്ക് കണക്കാക്കിയിട്ടുള്ള നഷ്ടം
   (എ) പൂർണ്ണമായി - 1,32,18,555 രൂപ
   (ബി) ഭാഗികമായി - 60,13,516 രൂപ
8. പൊതുമുതലിനുണ്ടായ നാശം - 35,72,94,530
9. ആകെ നഷ്ടം - 80,09,95,541

(സി) ഉണ്ട്. 23488.67 ഹെക്ടറിലായി 37,03,23,940 രൂപയുടെ കൃഷിനാശം 16/6/2006 വരെ കണക്കാക്കിയിട്ടുണ്ട്.

## എസ്.എസ്.എൽ.സി.ചോദ്യപേപ്പർ ചോർച്ച

76 ശ്രീ. പി. ജയരാജൻ
,, എം.ഹംസ
,, കെ.സി.കുഞ്ഞിരാമൻ
ശ്രീമതി കെ.എസ്.സലീഖ
ശ്രീ. കെ.സി.രാജഗോപാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) കഴിഞ്ഞവർഷത്തെ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സി.ബി.ഐ.അന്വേഷണം ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പുറത്തുകൊണ്ടുവരാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(സി) ചോദ്യപേപ്പർ അച്ചടികരാർ നൽകിയതിലെ അപാകതകൾ അന്വേഷണവിധേയമാക്കുമോ ;

(ഡി) എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച സി.ബി.ഐ. അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ബി) പര്യാപ്തമാണെന്ന് കരുതുന്നു. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് സി.ബി.ഐ. അന്വേഷണം നടന്നുവരുന്നത്.

(സി) അന്വേഷണവിധേയമാണ്.

(ഡി) എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ച ഒഴിവാക്കുന്നതിലേയ്ക്ക് ഹൈക്കോടതി അംഗീകരിച്ച നിർദ്ദേശമനുസരിച്ചാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നതു മുതൽ പ്രിന്റു ചെയ്യുന്നതുവരെയുള്ള നടപടികൾ 2005-06-ൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷക്ക് സർക്കാർ സ്വീകരിച്ചത്. ഇതുമൂലം ചോദ്യപേപ്പർ ചോർച്ച തടയാൻ കഴിഞ്ഞിട്ടുണ്ട്.

## എസ്.എസ്.എ. പദ്ധതി

77 ശ്രീ. സി.കെ.സദാശിവൻ
,, കെ.കെ.ദിവാകരൻ
,, പി.ടി.എ.റഹീം
,, മുരളി പെരുനെല്ലി
ശ്രീമതി ജെ.അരുന്ധതി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എപദ്ധതി മുഖേന വിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാർ എന്തു തുക അനുവദിച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വിദഗ്ധരായ അദ്ധ്യാപകരെ പരിശീലകരായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; നിലവാരമില്ലാത്ത അദ്ധ്യാപക പരിശീലകരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതി പുന:സംഘടിപ്പിക്കാൻ കേന്ദ്ര അനുവാദത്തിന് ശ്രമിക്കുമോ ?

**ഉത്തരം:- ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖേന എസ്.എസ്.എ. പദ്ധതിയുടെ എല്ലാ പ്രമുഖ മേഖലകളുടെയും നേട്ടങ്ങളെക്കുറിച്ചും കോട്ടങ്ങളെക്കുറിച്ചും പഠനം നടത്തിയിരുന്നു. പ്രധാന നേട്ടങ്ങൾ ഇവയാണ്.

1. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു.
2. അദ്ധ്യാപകർക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു.
3. പ്രത്യേക പരിരക്ഷ വേണ്ട കുട്ടികളെ കണ്ടെത്തി സഹായം എത്തിക്കുവാൻ കഴിഞ്ഞു.
4. ക്ളാസ് റൂം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഗവേഷണങ്ങൾ നടത്തി.
5. സ്കൂൾ പ്രവേശനം സാർവത്രികമാക്കാനും ഭിന്നതല പഠന കേന്ദ്രങ്ങൾ പ്രാവർത്തികമാക്കാനും കാര്യക്ഷമമാക്കാനും കഴിഞ്ഞു.

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്നും 2002-2003 മുതൽ 2005-2006 വരെ 231 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാന വിഹിതമുൾപ്പെടെ 281.6 കോടി രൂപ ചെലവഴിച്ചു.

(സി) വിദഗ്ധരായ അദ്ധ്യാപകരെയാണ് എസ്.എസ്.എയിൽ പരിശീലകരായി നിയമിക്കുന്നത്. എന്നാൽ അവരുടെ ജോലിയിൽ ആവശ്യമായ കഴിവും താൽപര്യവും കാണിക്കാത്തവരെ നിരീക്ഷണങ്ങൾക്കു ശേഷം അവരവരുടെ സ്കൂളുകളിലേക്ക് മടക്കി അയക്കാറുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തികമായ പുനഃക്രമീകരണങ്ങൾ സാധ്യമല്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്

78 ശ്രീ.കെ.സി. കുഞ്ഞിരാമൻ
,, എ.സി. മൊയ്തീൻ
,, അൽഫോൺസ് കണ്ണന്താനം
,, കെ.ടി. ജലീൽ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ ഫീസ് സംബന്ധിച്ച സുപ്രീംകോടതി വിധി വിദ്യാർത്ഥികളെ എത്രമാത്രം ദോഷകരമായി ബാധിക്കുമെന്നു വ്യക്തമാക്കുമോ;

(ബി) കോടതിവിധി അതേപടി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് വിദ്യാർത്ഥി പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ ;

(ഡി) സുപ്രീം കോടതിവിധി വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി ഈ വിഷയത്തിൽ നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം:– ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) 2004–ലെ ഇതു സംബന്ധിച്ച നിയമപ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ 50% ത്തിന് സർക്കാർ ഫീസ് നൽകിയാൽ മതി എന്ന വ്യവസ്ഥയെ സുപ്രീംകോടതി വിധി ബാധിക്കുന്നതാണ്.

(ബി) കോടതിവിധിയും 93–ാം ഭരണഘടനാ ഭേദഗതിയും ഒരുമിച്ച് കണക്കിലെടുത്തുകൊണ്ടാണ് നിയമനിർമ്മാണം ഉദ്ദേശിക്കുന്നത്.

(സി) ചർച്ച നടത്തിയിരുന്നു.

(ഡി) ഉണ്ട്.

## സ്വാശ്രയകോളജുകളെ നിയന്ത്രിക്കുന്നതിന് സമഗ്ര നിയമനിർമ്മാണം

79 ശ്രീ. കെ. ശിവദാസൻ നായർ
,, എം. മുരളി
,, കെ. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളജുകളെ നിയന്ത്രിക്കാൻ നിയമ നിർമ്മാണം കൊണ്ടുവരണമെന്ന് ഏതെല്ലാം വിദ്യാർത്ഥി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ അദ്ധ്യായന വർഷത്തിൽ തന്നെ സ്വാശ്രയ കോളജുകളെ നിയന്ത്രിക്കാൻ സമഗ്രമായ നിയമ നിർമ്മാണം നടത്തിയില്ലെങ്കിൽ പ്രക്ഷോഭം തുടരുമെന്ന് വിദ്യാർത്ഥി സംഘടനകൾ പ്രഖ്യാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംഘടനകളെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) മിക്കവാറും എല്ലാ വിദ്യാർത്ഥി സംഘടനകളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അത് ആരും രേഖാമൂലം അറിയിച്ചിട്ടില്ല.

## കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം

80 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) നബാർഡ് എത്ര ശതമാനം പലിശയ്ക്കാണ് സംസ്ഥാന സഹകരണ ബാങ്കിന് പണം നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും കടമെടുക്കുന്ന കർഷകരിൽ നിന്നും എത്ര ശതമാനം പലിശയാണ് ബാങ്ക് ഈടാക്കുന്നത്;

(സി) കർഷകരുടെ കടങ്ങൾക്ക് മോറട്ടോറിയം ഉൾപ്പെടെ എന്ത് സഹായം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ഉത്തരം:- ശ്രീ. ജി. സുധാകരൻ**
**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)**

(എ) പുനർവായ്പാ പദ്ധതി പ്രകാരം കാർഷിക വായ്പകൾക്കുള്ള പലിശനിരക്ക് 5.50% ഉം സംസ്ഥാന സഹകരണ ബാങ്കിന്റെ എൻ.പി.എ. 20%ന് മുകളിൽ ആയാൽ പലിശ നിരക്ക് 5.75%വുമാണ്. കാർഷികേതര വായ്പകൾക്ക് 50,000/- രൂപ വരെ 6% നിരക്കിലും അതിനുമുകളിൽ 6.25% മുതൽ 6.75% വരെയുമാണ്.

കാർഷിക വികസന ബാങ്കുകൾക്ക് ദീർഘകാല വായ്പ നൽകുന്ന കാര്യത്തിൽ 50,000/ രൂപ വരെയുള്ള വായ്പകൾ നൽകുന്നതിന് 6.5%ഉം, 50,000 രൂപയ്ക്ക് മുകളിലുള്ള കാർഷിക വായ്പ നൽകുന്നതിന് 7% പലിശ നിരക്കുമാണ് ഇപ്പോൾ ഈടാക്കി വരുന്നത്.

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് 25,000/- രൂപ വരെയുള്ള വായ്പകൾക്ക് 8.50% നിരക്കിലും 25,000/- രൂപയ്ക്ക് മുകളിൽ 9% നിരക്കിലുമാണ് കർഷകരിൽ നിന്നും പലിശ ഈടാക്കുന്നത്.

കാർഷിക ഗ്രാമവികസന ബാങ്കുകൾ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് 9% നിരക്കിലും അതിനു മുകളിലുള്ള വായ്പകൾക്ക് 10% നിരക്കിലുമാണ് കർഷകരിൽ നിന്നും പലിശ ഈടാക്കുന്നത്.

(സി) കടാശ്വാസ നിയമ പ്രകാരം കാർഷിക വായ്പകൾക്ക് ഒരു വർഷം കൂടി മോറട്ടോറിയം അനുവദിക്കുന്നതിനും കുടിശ്ശികയായ വായ്പകൾ തിരിച്ചടയ്ക്കുന്നതിന് നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-12-2006 വരെ ദീർഘിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക വായ്പ ഈടാക്കുന്നതിന് ജപ്തി നടപടികൾ സ്വീകരിക്കുന്നത് നിർത്തിവെയ്ക്കാനും, കാർഷിക വായ്പകൾക്ക് പലിശ നിരക്ക് കുറയ്ക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് തിരിച്ചട യ്ക്കുന്ന മുതലിന്റെ 5% ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

81 ശ്രീ. വി. ശശികുമാർ
ശ്രീമതി ജെ. അരുന്ധതി
ശ്രീ. സി. എം. ദിനേശ് മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ സൗകര്യം പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് കൂടുതൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂളുകളിലെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. എ. കെ. ബാലൻ**
**(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

82 ശ്രീ. വി. ശിവൻകുട്ടി
,, മുരളി പെരുനെല്ലി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയ വൈദ്യുതി മീറ്ററുകൾമാറ്റി പകരം ഇലക്ടോണിക് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) എത്ര മീറ്ററുകളാണ് ഇനി മാറ്റി സ്ഥാപിക്കാനുള്ളത്;

(സി) ഇലക്ടോണിക് മീറ്ററുകളെ സംബന്ധിച്ചുള്ള പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എ. കെ. ബാലൻ**
**(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) കേടുവന്നതും കൃത്യതയില്ലാത്തതുമായ 4,21,802 മീറ്ററുകൾ 2002-03 ലും 6,66,936 മീറ്ററുകൾ 2003-04 ലും 4,35,563 മീറ്ററുകൾ 2004-05 ലും 6,37,940 മീറ്ററുകൾ 2005-06 ലും മാറ്റി വെച്ചിട്ടുണ്ട്.

(ബി) 5 ലക്ഷം കേടു വന്ന മീറ്ററുകളും 42 ലക്ഷം ഇലക്ട്രോ-മെക്കാനിക്കൽ മീറ്ററുകളും മാറ്റി വയ്ക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ഇലക്ട്രോണിക് മീറ്ററുകളെപ്പറ്റി പരാതി ലഭിച്ചാൽ അതു പരിശോധിച്ച് പരിഹരിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥരേയും, ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂൾവിദ്യാർത്ഥികൾക്കു പാഠപുസ്തക വിതരണം

83 ശ്രീ. ജോർജ് മേഴ്സിയർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**വിദ്യാഭ്യാസവും**

**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്കൂളുകളിലും എല്ലാ വിദ്യാർത്ഥികൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾ നൽകുവാനുളള ഏർപ്പാട് സ്ക്കൂളുകൾ തുറക്കുന്നതിനു മുമ്പായി ചെയ്തു കഴിഞ്ഞുവോ ;

(ബി) ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങളാണ് ലഭ്യമാക്കാനുളളതെന്നു പറയുമോ;

(സി) ലഭ്യമാക്കിയ പാഠപുസ്തകങ്ങളിൽ ഏതെല്ലാം ക്ലാസുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങളാണ് തികയാതെ വന്നിട്ടുളളതെന്ന് പറയുമോ;

(ഡി) ഇനി ആകെ എത്ര പുസ്തകങ്ങൾ കൂടി ലഭ്യമാക്കിയാൽ എല്ലാവർക്കും പുസ്തകം ലഭിക്കുമെന്നും പറയാമോ?

**ഉത്തരം:– ശ്രീ. എം. എ. ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ചെയ്തുകഴിഞ്ഞു.

(ബി) 8–ാം ക്ളാസിലെ ബേസിക് സയൻസ് പാഠപുസ്തകങ്ങളും 8, 9 ക്ളാസുകളിലെ ഇൻഫർമേഷൻ ടെക്നോളജി സപ്ളിമെന്ററി പുസ്തകങ്ങളും ഇനിയും ലഭ്യമാക്കുവാനുണ്ട്.

(സി) പാഠപുസ്തകവിതരണം പൂർത്തിയായി വരുന്നതേയുള്ളൂ. പാഠപുസ്തകങ്ങൾ തികയാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എട്ടാം ക്ളാസിലെ ബേസിക് സയൻസ്, 8, 9 ക്ളാസുകളിലെ ഇൻഫർമേഷൻ ടെക്നോളജി സപ്ളിമെന്ററി പുസ്തകങ്ങളൊഴിച്ച് ബാക്കി പുസ്തകങ്ങളെല്ലാം ജില്ലാ ഡിപ്പോകളിൽ നിന്നും സ്കൂൾ സൊസൈറ്റികൾ ഏറ്റെടുത്തു കൊണ്ടിരിക്കുന്നു. കൂടാതെ കേന്ദ്ര സ്റ്റോറുകളിൽ 5% കരുതൽ ശേഖരം കൂടി സജ്ജമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാവർക്കും യാതൊരു ബുദ്ധിമുട്ടും കൂടാതെ പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിയും.